## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3566** **23.06.2014-ൽ മറുപടിയ്ക്ക്**

### മൂന്നാർ ഫോറസ്റ്റ് റേഞ്ചിലെ നായാട്ടും കഞ്ചാവ് കൃഷിയും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എസ്. രാജേന്ദ്രൻ** | | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | |
| (എ) | മൂന്നാർ ഫോറസ്റ്റ് റേഞ്ചിൽ ഇപ്പോഴും നടക്കുന്ന നായാട്ടിന് റേഞ്ച് ഓഫീസർ കൂട്ടു നിൽക്കുകയും കേസ് ഇല്ലാതാക്കുകയും ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അന്വേഷണം നടത്തുമോ; | (എ) | മൂന്നാർ വനം റെയിഞ്ചിൽ ഇപ്പോൾ നായാട്ട് നടക്കുകയോ മൂന്നാർ റെയിഞ്ചാഫീസറോ കീഴ് ഉദ്യോഗസ്ഥരോ കൂട്ടു നിൽക്കുകയോ ചെയ്യുന്നില്ല. 02.03.2014-ൽ മൂന്നാർ റെയിഞ്ചിൽ പെരിയവര ഭാഗത്ത് ഒരു വെരുകിനെ വെടി വച്ച് കൊന്ന് കറിവെച്ച കേസിൽ ഉൾപ്പെട്ട മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്യുകയും ഒരു നാടൻ തോക്കും വാഹനവും ഉൾപ്പെടെ കേസിൽ ഉൾപ്പെട്ട എല്ലാ തൊണ്ടി വകകളും പിടിച്ചെടുക്കുകയും OR 01/14 നമ്പരായി വന്യജീവി സംരക്ഷണ നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ 05.03.2014-ൽ മൂന്നാർ റെയിഞ്ചിന് കീഴിലുള്ള ഗുണ്ടുമല ഭാഗത്ത് ഒരു മുള്ളൻ പന്നിയെ കുരുക്കുവച്ച് കൊന്ന് ഇറച്ചി പാകം ചെയ്ത കേസിൽ ഉൾപ്പെട്ട പ്രതിയെ അറസ്റ്റ് ചെയ്യുകയും തൊണ്ടി മുതൽ പിടിച്ചെടുത്ത് OR 02/14 ആയി കേസ് രജിസ്റ്റർ |

ചെയ്യുകയും ചെയ്തിട്ടുണ്ട്. നാളിതുവരെ വനം കുറ്റകൃത്യങ്ങൾക്കെതിരെ മൂന്നാർ വനം റെയിഞ്ചിലെ ഉദ്യോഗസ്ഥർ ശക്തമായ നടപടി എടുത്തിട്ടുണ്ട്.

(ബി) ഇപ്പോഴും കഞ്ചാവു കൃഷിക്കും നായാട്ടിനും ആദിവാസികളെ ഉപയോഗിക്കുന്ന മാഫിയ്ക്ക് ഉദ്യോഗസ്ഥർ കൂട്ടു നിൽക്കുന്നതിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ?

(ബി) മൂന്നാർ വനം റെയിഞ്ചിൽ ഉദ്യോഗസ്ഥരുടെ ശക്തമായ ഇടപെടൽ മൂലം കഞ്ചാവ് കൃഷിയും നായാട്ടും ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. മൂന്നാർ റെയിഞ്ചിന് കീഴിൽ വരുന്ന ഇടമലക്കുടിയിൽ മൂന്ന് ആദിവാസി വനസംരക്ഷണ സമിതികൾ രൂപീകരിക്കുകയും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തി വരുകയും ചെയ്യുന്നുണ്ട്. ടി ആദിവാസി വനസംരക്ഷണസമിതി അംഗങ്ങളെ ഉൾപ്പെടുത്തി മൂന്നാർ റെയിഞ്ചിലെ വനം ഉദ്യോഗസ്ഥർ റെയിഞ്ചിന് പരിധിയിൽ വരുന്ന എല്ലാ സ്ഥലങ്ങളിലും നിരന്തരം പരിശോധന നടത്തി വരികയും ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ